**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4068** — **03-03-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സുരക്ഷ വകുപ്പിന് കൂടുതൽ വാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ സുരക്ഷ പരിശോധന ശക്തമാക്കിയ സാഹചര്യത്തിൽ എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥർക്ക് വാഹനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിലവിൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ 1 ഔദ്യോഗിക വാഹനവും, മൂന്ന് ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കാര്യാലയങ്ങളിലായി 3 വാഹനങ്ങളും, തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ 1 ഔദ്യോഗിക വാഹനവും നിലവിലുണ്ട്. 12 ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുടെ കാര്യാലയങ്ങളിൽ ഓരോ വാഹനം വീതം 12 വാഹനവും ചേർന്ന് ആകെ 17 ഔദ്യോഗിക വാഹനങ്ങൾ നിലവിലുണ്ട്.<br><br>ഇതിനുപുറമെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പിൽ **14** ജില്ലകളിലുമായി ആകെ **39** വാഹനങ്ങൾ കരാറടിസ്ഥാനത്തിൽ വാടകയ്ക്കെടുത്തിട്ടുണ്ട്**.** ഇതിനു പുറമേ **14** ജില്ലകളിലും **Mobile Food Testing Lab** കളും നിലവിലുണ്ട്**.** നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഭക്ഷ്യ സുരക്ഷാ പരിശോധനകൾ കാര്യക്ഷമമായി നടത്തി വരുന്നു**.** |

സെക്ഷൻ ഓഫീസർ